# വാഗ്ദത്ത ലോകോദ്ധാരകൻ

എൻ. ഹാമിദ്

പ്രസാധകർ
നസാറത് നശ്റോ ഇശാഅത്ത്
സദർ അഞ്ചുമൻ അഹ്മദിയ്യാ - ഖാദിയാൻ

# വാഗ്ദത്തലോകോദ്ധാരകൻ

## എൻ. ഹാമിദ്

പ്രസാധകർ
നസാറത് നശ്റോ ഇശാഅത്ത്
സദർ അഞ്ചുമൻ അഹ്മദിയ്യാ - ഖാദിയാൻ

(Malayalam)

**VAGDATHA LOGODHARAKAN**
(Study)
By N.Hamid Sahib

Layout & Typeset : Mubashira Nasar

Published by : Nazarat Nashro Isha'at

Sadr Anjuman Ahamdiyya, Qadian -143516

Printed at: Orange Offset Printers,Calicut

3rd Edition Published' 2016 March
Copies 1000

# അവതാരിക

പരിശുദ്ധാത്മാക്കളായ പ്രവാചകന്മാരേയും സാത്വീകരായ മഹാത്മാക്കളേയും സമകാലീനരായ ബഹുജനഭൂരിപക്ഷം എതിർത്തും ഉപദ്രവിച്ചും പോന്നിട്ടുണ്ട്. ലോകോൽഭവം മുതൽക്കെ നടന്നുവന്ന സമ്പ്രദായമാണിത്. ഇരുളടഞ്ഞ ഹൃദയങ്ങൾക്ക് ആത്മീയ പ്രകാശം കണ്ണിൽ കരടായിത്തീരുക സ്വാഭാവികമാണല്ലോ. അതുകൊണ്ട് തന്നെയാണ് ദുർജനങ്ങൾ ശിഷ്ടരെ ദുഷ്ടരായും ഗുണകാംക്ഷികളെ ദ്രോഹികളായും മുദ്രയടിച്ചുപോന്നത്, ആത്മീയാനുഗ്രഹത്തിന്റെ ഉത്തുംഗത പ്രാപിച്ച പ്രവാചകൻമാരും ജ്ഞാനപ്രബുദ്ധരായ മഹാത്മാക്കളും ബഹുജന മർദ്ദന ങ്ങളെ നേരിടേണ്ടി വന്നതിന്നു ഇതു തന്നെയാണ് കാരണം. മനുഷ്യകുലം ആത്മീയമായും സാന്മാർഗീകമായും ധാർമ്മീകമായും അങ്ങേയറ്റം അധഃപതിച്ച ഈ കാലഘട്ടത്തിന്റെ നവോത്ഥാന നായകനായി അല്ലാഹു നിയോഗിച്ചയച്ച ഇമാം മഹ്ദിയും വാഗ്ദത്തമസീഹുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)ന്റെയും അദ്ദേഹത്താൽ സ്ഥാപിതമായ അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെയും അനുഭവം മേൽ പറഞ്ഞ തരത്തിലുള്ളതുതന്നേയാണ്.

വാഗ്ദത്തലോകോദ്ധാരകൻ എന്ന ഈ ലഘുകൃതി വായിക്കുന്നവർക്ക് പ്രസ്തുത യാഥാർത്ഥ്യം ഗ്രാഹ്യമാകുന്നതാണ്. പരേതനായ എൻ. ഹാമിദ് സാഹിബ്(റഹ്) അവർകളാൽ രചിക്കപ്പെട്ട ഈ ചെറു പുസ്തകം ഇപ്പോൾ പുനഃപ്രസിദ്ധീകരിക്കുകയാണ്.

ഈ കൃതി സത്യാന്വേഷികൾക്ക് വഴികാട്ടിയാവട്ടെ എന്ന് പ്രാർഥിച്ചുകൊണ്ട് സഹൃദയസമക്ഷം സമർപ്പിക്കുന്നു.

പഴയങ്ങാടി
17.10.1991

മുഹമ്മദ് അബുൽവഫാ
അഹ്മദിയ്യാ മുസ്ലിം മിഷനറി

بسم الله الرحمن الرحيم

# വാഗ്ദത്ത ലോകോദ്ധാരകൻ

ലോകത്ത് അധർമ്മവും അന്യായവും വർദ്ധിക്കുകയും ദൈവ വിശ്വാസവും മതബോധവും ക്ഷയിക്കുകയും ഇസ്‌ലാമിന്റെ നാമവും ഖുർആന്റെ ലിപിയും മാത്രം ശേഷിക്കുകയും പള്ളികൾ ഭക്തി ശൂന്യങ്ങളായി ഭവിക്കുകയും ആലിംകൾ (മതപണ്ഡിതന്മാർ) ആകാശത്തിൻ കീഴിൽ ഏറ്റവും നികൃഷ്ടരും ഉപദ്രവകാരികളുമായി ചമയുകയും ചെയ്യുന്ന ഒരു കാലം വരുമെന്നും, അക്കാലത്ത് ഇസ് ലാമിനെ സംരക്ഷിക്കുന്നതിനും സന്മാർഗത്തെ സജീവമാക്കിത്തീർ ക്കുന്നതിനുമായിട്ടു ലോകഗുരുവായി മഹ്ദീമസീഹ് ആവിർഭവി ക്കുമെന്നും ഇസ്‌ലാമിൽ പ്രവചിക്കപ്പെട്ടിരിക്കുന്നു. ഈ പ്രവചനം പ്രത്യക്ഷരം ഇക്കാലത്തു പ്രത്യക്ഷമായ തരത്തിൽ നിവൃത്തിയായു മിരിക്കുന്നു. ലോകത്തു പൊതുവെയും ഇസ്‌ലാം ലോകത്തു പ്രത്യേ കമായും അധാർമ്മികത ആധിപത്യം വഹിക്കുന്നതായിട്ടു നാം കാണുന്നു. ഇസ്‌ലാമിന്റെ ശാസനകളെ വരവണ്ണം അനുസരിച്ചു ധാർമ്മികതയെ ജീവിപ്പിച്ചിരുന്ന ആദിമ മുസ്‌ലിംകളുടെ പിന്തുടർച്ച ക്കാരെന്നു അഭിമാനിക്കുന്ന ഇന്നുള്ളവർ പ്രത്യക്ഷമായ മതവിധി കളെത്തന്നെയും അപലപിച്ചു ജീവിക്കുന്നതിൽ കേവലം അറപ്പില്ലാ ത്തവരായിത്തീർന്നിരിക്കുന്നു! സദാ കക്ഷിവഴക്ക്, നിസ്സാര സംഗ തിക്ക് തമ്മിൽ തല്ലുക,സത്യപ്രബോധനത്തിൽ വിരക്തി എന്നിവ ഇന്നത്തെ മുസ്‌ലീംകളുടെ പ്രത്യേക ലക്ഷണങ്ങളായിരിക്കുന്നു. ഈ വസ്തുതയെ മുസ്‌ലീം നേതാക്കന്മാരും മതപണ്ഡിതന്മാരും വളരെക്കാലമായിട്ടേ സമ്മതിക്കുകയും ഈ ദോഷപരിഹാരാർഥം

ഒരു മഹാഗുരുവിന്റെ ആഗമനം ആവശ്യമായിരിക്കുന്നുവെന്ന് നിലവിളിക്കുകയും ചെയ്യുന്നു.

മൗലാന അബുൽകലാം ആസാദ് പറഞ്ഞിരിക്കുന്നതിതാണ്:

''ഇസ്‌ലാമിന്റെ ആവിർഭാവകാലത്ത് ക്രിസ്താബ്ദം 6ാം നൂറ്റാണ്ടിൽ, അജ്ഞാനം മൂലം വ്യാപിച്ചിരുന്ന അതേ അന്ധകാരം തന്നെ ഇസ്‌ലാം അവശതയിലാണ്ടിരിക്കുന്ന ഇക്കാലത്ത് പരിഷ്കാരത്തിന്റെയും സംസ്കാരത്തിന്റെയും നാമത്തിൽ പ്രചരിച്ചു കൊണ്ടിരിക്കുന്നു. പൂർവ്വകാലത്തെ ഏറ്റവും വലിയ അന്ധകാരം വിഗ്രഹാരാധനയാണെങ്കിൽ, ഇന്ന് അതിനുപകരം നാലുപാടും സ്വേച്ഛാപൂജയാണ് കാണുന്നത്. പണ്ടു മനുഷ്യൻ ശിലാവിഗ്രഹങ്ങളെയാണ് ആരാധിച്ചു പോന്നതെങ്കിൽ ഇവർ തങ്ങളെത്തന്നെ പൂജിച്ചു വരുന്നു. ദൈവത്തെ ആരാധിക്കുന്നവർ അന്നുണ്ടായിരുന്നില്ലെങ്കിൽ ഇന്നും അവനെ ആരാധിക്കുന്നവർ ഇല്ല തന്നെ. പുരാതനകാലങ്ങളിൽ ലോകത്തുണ്ടായിരുന്ന ഏതൊരു ആത്മീയരോഗമാണ് ഇന്നു ലോകത്തു വീണ്ടും ഉണ്ടാകാതിരുന്നിട്ടുള്ളത്? ലോകം അന്നു രോഗാതുരമായിരുന്നപ്പോൾ ഏതൊരവസ്ഥയിലായിരുന്നുവോ അതേ അവസ്ഥയിലല്ലെ അത് ഇന്നും സ്ഥിതി ചെയ്യുന്നത്? മനുഷ്യൻ ഐഹീക സുഖഭോഗങ്ങളിലും നശ്വരമായ ലൗകീക സുഖാസക്തിയിലും ഇന്നും നിമഗ്നമായിരിക്കുന്നത്ര മുമ്പ് ഒരിക്കലും ആയിരുന്നില്ല. മനുഷ്യന്റെ പാപാസക്തി പുരാതനമാണെങ്കിലും മനുഷ്യനുള്ളന്നുതൊട്ട് ശൈത്വാനുമുണ്ടെങ്കിലും, പാപാധിപത്യം ഇതിനു മുൻപ് ഒരിക്കലും ഇത്ര പ്രബലവും ഘോരതരവും ആയിത്തീരുകയോ,ശൈത്വാന്റെ സിംഹാസനം ഇത്ര പ്രതാപത്തോടും പ്രജ്ജ്വലതയോടും കൂടി ഭൂമുഖത്തു പ്രതിഷ്ഠ നേടുകയോ ചെയ്തിരുന്നില്ല.''

*(അൽ ഹിലാൽ, വാള്യം-4, പേജ്:103)*

ഇ.കെ.മൗലവി സാഹിബ് "വിശുദ്ധ ഖുർആൻ" എന്ന തലക്കെട്ടിൽ എഴുതിയ ഒരു ലേഖനത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:

''ഏതൊരു ഇരുളടഞ്ഞ കാലത്തു പരിശുദ്ധ ഖുർആൻ വെളിപ്പെട്ടുവോ അതേ അവസ്ഥ തന്നെയാണ് അഭിനവലോകത്തെയും ബാധിച്ചിട്ടുള്ളത്. വാസ്തവം പറയുന്നതായാൽ ഇന്നത്തെ സ്ഥിതി അന്നത്തെതിലും ഭയങ്കരമാണ്. അന്നത്തെ ജനങ്ങളിൽ കണ്ടുവന്നിരുന്ന ദുഷ്കൃത്യങ്ങളും ദുരാചാരങ്ങളും എന്തൊക്കെയായിരുന്നുവെന്ന് ഒന്നാമതായി ചിന്തനം ചെയ്യാം. മദ്യപാനം, വ്യഭിചാരം, ചൂതാട്ടം, കുടുംബങ്ങൾ തമ്മിലും ഗോത്രങ്ങൾ തമ്മിലും സമുദായങ്ങൾ തമ്മി

ലും രാഷ്ട്രങ്ങൾ തമ്മിലും കാരണത്തോടുകൂടിയും അല്ലാതെയും ഉള്ള കലഹം. ഇതൊക്കെയാണ് അന്നത്തെ ദുഷ്കൃത്യങ്ങളും ദുരാചാരങ്ങളുമായി ചരിത്രകാരന്മാർ വർണ്ണിച്ചു കാണുന്നത്. എന്നാൽ ഇതിൽ ഏതൊന്നിനാണ് ഇന്ന് കുറവുള്ളത്. ചുരുക്കിപ്പറയുന്നതായാൽ, വിശുദ്ധഖുർആൻ വെളിപ്പെട്ടിരുന്ന കാലത്തെ പ്പോലെയോ അതിലധികമോ ഇന്നത്തെ ലോകം സന്മാർഗികമായി ദുഷിച്ചുപോയിരിക്കുന്നു.'' (ചന്ദ്രിക-26.9.1941)

മണപ്പാട്ട് ജനാബ് ഹാജി കുഞ്ഞുമുഹമ്മദ് സാഹിബ് ഒരു മഹാ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചുകൊണ്ടു ചെയ്ത പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നതു കാണുക,

''ഇന്നു മുസ്‌ലിംകൾ എന്നുവച്ചാൽ കൊള്ളക്കാർ എന്ന പദത്തെ അനുസ്മരിപ്പിക്കുന്നു. ഇന്നു വാസ്തവത്തിൽ മുസ്‌ലിം മതമല്ല ലോകത്തിൽ കാണുന്നത്, വാപ്പാമതമാണ്. വ്യഭിചാരം എന്നു പറഞ്ഞാൽ അത് ഒരു ദുഷ്കൃത്യമാണെന്നു കൂടി ഗ്രഹിക്കുവാൻ ശേഷിയില്ലാത്തവൻ ഇന്ന് എത്ര പേരുണ്ട്! മദ്യപാനം പരിഷ്കാരമായിത്തീർന്ന ഒരു കാലമാണിത്. ഒരു യോഗ്യന്റെ സദസ്സിൽ മദ്യപാനിയല്ലാത്തവനു സ്ഥാനമില്ല. അറേബ്യയിലും ഈ സ്ഥിതിയായിരുന്നു ഒരു കാലത്ത്. പണ്ട് അറേബ്യയിലുണ്ടായിരുന്ന പോലെ ഇന്ന് അക്രമങ്ങൾ ലോകത്ത് വർദ്ധിച്ചിട്ടുണ്ട്. സമുദായങ്ങൾ നശിക്കുന്ന ഇക്കാലത്ത് മുഹമ്മദ് നബിയെപ്പോലെ സർവ്വസാഹോദര്യം നിലനിർത്താൻ പ്രാപ്തിയുള്ള ഒരു വന്ദ്യഗുരുവിന്റെ ആവിർഭാവം ലോകത്തിന് അത്യാവശ്യമായിരിക്കുന്നു! (മാതൃഭൂമി-6.6.36)

മിസ്റ്റർ.ടി.വി.ബാവ ഒരു പ്രവാചകന്റെ ആവശ്യം എന്ന ശിർഷകത്തിൽ എഴുതിയ ഒരു ലേഖനത്തിൽ ഒരു പ്രവാചകന്റെ ആവിർഭാവം ആവശ്യമാകത്തക്കവിധത്തിൽ ആധുനികലോകം ദയനീയമാം വിധം മൃഗീയതയിലേക്ക് അധഃപതിച്ചു പോയിരിക്കുന്നുവെന്നു സമർത്ഥിച്ചിട്ട് അതിനെ ഇപ്രകാരം സമാപ്തീകരിച്ചിരിക്കുന്നു...

''നബിയെയും,ബുദ്ധനെയും, കൃസ്തുവെയും, അധ്യാത്മവിദ്യാപ്രവീണന്മാരായ മറ്റു മഹായോഗികളെയും, മഹോപദേഷ്ടാക്കളെയും ദിവ്യതയുടെ പ്രകാശം പ്രതിഫലിപ്പിച്ച കണ്ണോടുകൂടിയ മഹാകവികളെയും, കലാകാരന്മാരെയും ആത്മരക്ഷയ്ക്കും ആത്മോന്നതിക്കും വേണ്ടി കൂടേക്കൂടെ ലോകത്തിൽ സർവ്വത്ര ജനിപ്പിച്ചു കഴിഞ്ഞ ഒരു സമുദായത്തിന്റെ പിന്നിൽ, അതിനെ മുൻനിർദ്ദേശിച്ച വിധത്തിലുള്ള ഭയാവഹമായ ആത്മഹത്യയിൽ നിന്ന് രക്ഷിക്കുവാൻ

മാത്രം കെൽപ്പും കൂറുമുള്ള എന്തോ ഒരമാനുഷശക്തിയുണ്ടെന്ന് സമ്മതിച്ചേ തീരു. ലോകചരിത്രത്തിൽ ഇതിനു മുൻപും ഇത്തരത്തിലുള്ള വിനാശഗർത്തങ്ങളിലേക്ക് പായുവാനുള്ള വാസന മനുഷ്യസമുദായം പ്രകടിപ്പിച്ചപ്പോഴൊക്കെയും അദൃശ്യവും അജ്ഞാതവും അപ്രമേയവുമായ ആ ശക്തി ഏതാനും വിശിഷ്യ വ്യക്തികളിൽ കൂടി പ്രവർത്തിച്ച് അതിനെ വീണ്ടും ആത്മീയ സംസ്കാരത്തിൽ അധികം ശ്രദ്ധ വെച്ചുകൊണ്ടുള്ള ഉത്തമമാർഗത്തിന്റെ രക്ഷയിലേക്ക് ആനയിച്ചിട്ടുണ്ട്.

മർത്ത്യവംശത്തെ രക്ഷിക്കുവാൻ അങ്ങനെയുള്ള ഒരു മഹാത്മാവ് ഇതിന്നിടയിൽ തന്നെ അവതരിച്ചുകഴിഞ്ഞിട്ടില്ലെങ്കിൽ ആ അവതാരം അത്യാസന്നമായിരിക്കുന്നു എന്ന്, ഏതു നിലയിലും നമുക്കു തീർത്തുപറയാം. അദ്ദേഹത്തിന്റെ ആത്മസംത്യാഗം കുരിശിൻമേലോ, കാരാഗൃഹത്തിലോ വെച്ചാകാതിരിക്കട്ടെ എന്നു പ്രാർത്ഥിക്കുവാനേ നമുക്കു ശക്തിയുള്ളു.''(മലബാർ ക്രിസ്ത്യൻ കോളേജ് മേഗസിൻ, വാള്യം-8,ലക്കം-1,2, 1940 മാർച്ച്,പേജ്:7,8.)

ഇങ്ങനെ ഒരു ലോകമഹാഗുരുവിന്റെ ആവിർഭാവം അത്യാവശ്യമായിത്തീർന്ന അതേ സമയത്തു തന്നെ ഹദ്റത്ത് അഹ്മദുൽ ഖാദിയാനി(അ) എന്ന അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ ജനയിതാവ്, വാഗ്ദത്തം ചെയ്യപ്പെട്ട മഹ്ദീ മസീഹും ഹിജ്റ പതിനാലാം നൂറ്റാണ്ടിലെ മുജ ദ്ദിദും ആയിട്ട് അവതരിക്കുകയുണ്ടായി. ഈ അന്ത്യകാലത്തു വരു മെന്നു എല്ലാ മതസ്ഥരും പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന ലോകഗുരുവും താനാണെന്ന് അദ്ദേഹം വാദിച്ചു. ജ്ഞാനികളായ മഹാന്മാരുടെ ഗണനപ്രകാരം ഹിജ്റ 14ാം ശതകത്തിന്റെ ആരംഭത്തിൽ മസീഹ് വരുമെന്നു മുസ്ലീംകൾ വിശ്വസിച്ചുപോന്നതും, മസീഹിന്റെ(മശീഹയുടെ) ആഗമനം ക്രിസ്താബ്ദം 19ാം നൂറ്റാണ്ടിന്റെ അവസാനത്തിലായിരിക്കുന്നതാണെന്നു പല ക്രൈസ്തവ പണ്ഡിതന്മാരും അവരുടെ മതഗ്രന്ഥങ്ങളെ ആധാരമാക്കി ഗണിച്ചു പറഞ്ഞതും, അല്ലാമഃ സിദ്ദീഖ് ഹസൻ തുടങ്ങിയ പണ്ഡിതന്മാർ അന്ത്യകാലത്തിന്റെ ലക്ഷണങ്ങളെല്ലാം ഏറെക്കുറെ പൂർത്തിയായിരിക്കുന്നതുകൊണ്ട് വരാനുള്ള മസീഹിന്റെ ആവിർഭാവം ആസന്നമായിരിക്കുന്നു എന്നു പറഞ്ഞതുമെല്ലാം ഖാദിയാനിൽ ആഗതനായ ഹദ്റത്ത് അഹ്മദിന്റെ സത്യവാദത്തിലേക്കു സാക്ഷ്യങ്ങളായിരിക്കുന്നു. എങ്കിലും, മസീഹിന്റെ ആഗമനത്തെ ഉൽകണ്ഠാപൂർവം കാത്തു

കൊണ്ടിരുന്നവരിൽ ഭൂരിഭാഗവും അദ്ദേഹത്തിന്റെ വാദത്തെ നിരസിച്ചുകളഞ്ഞു! ഈസാമസീഹ് ആകാശത്തുനിന്നു ഇറങ്ങിവരുമെന്നുള്ള പ്രതീക്ഷയിലാണ് ആഗതനായ സത്യപുരുഷന്റെ വാദത്തിൽ മുസ്‌ലിംകൾ അശ്രദ്ധരായിത്തീർന്നിരിക്കുന്നത്.

എന്നാൽ ഈസാനബി (അ) മറ്റു പ്രവാചകന്മാരെപ്പോലെ മരിച്ചുപോയിരിക്കുന്നു എന്നു ഖുർആനിലെ അനേകം വാക്യങ്ങളിൽനിന്നും നബിതിരുമേനിയുടെ വചനങ്ങളിൽനിന്നും സൂര്യപ്രകാശംപോലെ തെളിഞ്ഞിരിക്കെ, അദ്ദേഹം തന്നെ ഇസ്‌ലാമിൽ മസീഹായി വരുമെന്നുള്ള പ്രതീക്ഷ പൂർത്തിയാകുന്നതെങ്ങനെ? മരിച്ചവരാർക്കും, ഈസാനബിക്കു പ്രത്യേകിച്ചും, ഈ ലോകത്തു വീണ്ടും വരാൻ നിർവാഹമില്ലെന്നു ഖുർആനിൽനിന്നു സ്പഷ്ടമാകുന്നുണ്ട്. ആ വിശുദ്ധഗ്രന്ഥത്തിൽ ചിന്ത പതിപ്പിക്കുന്നവർക്ക് ഈ പരമാർത്ഥം ഗ്രഹിക്കുവാൻ പ്രയാസമേയില്ല. അതിനാൽ ആ ഇസ്റായീൽ മസീഹുതന്നെ വീണ്ടും വരുമെന്നുള്ള പ്രതീക്ഷ ഒരിക്കലും പൂർത്തിയാകാൻ തരമില്ല. നബിതിരുമേനി(സ) പ്രവചിച്ചിരിക്കുന്നതു മസീഹിബ്നുമർയം വരുമെന്നു തന്നെയാണെങ്കിലും അതിന്റെ ഉദ്ദേശ്യം ഇസ്റായീൽ മസീഹ് ആയിരിക്കാവതല്ലെന്നു പ്രസ്തുത സംഗതികൾ കൊണ്ടുതന്നെ മനസ്സിലാക്കാം. ഇതിനു പുറമെ, വാഗ്ദത്തം ചെയ്യപ്പെട്ട മസീഹ് "നിങ്ങളിൽ നിന്നുള്ള നിങ്ങളുടെ ഇമാമായിരിക്കും" എന്നു നബിതിരുമേനി(സ) വേർതിരിച്ചു പറഞ്ഞിരിക്കുന്നതുകൊണ്ടും,വരുന്ന മസീഹിന്റെ ആകൃതിയും പ്രകൃതിയും നിറം പോലും ഈസാമസീഹിന്റേതിൽ നിന്നും വ്യത്യസ്തമായതാണെന്നു തിരുമേനി തന്റെ ദിവ്യദർശനങ്ങൾ വഴിയായി അറിയിച്ചുതന്നിരിക്കുന്നതുകൊണ്ടും ഇസ്‌ലാമിൽ വരാനുള്ള മസീഹു നബിതിരുമേനിയുടെ അനുയായികളിൽ നിന്നുള്ള ഒരാളല്ലാതെ, ഈസാനബി ആയിരിക്കാൻ തരമില്ലെന്നും മനസ്സിലാകുന്നു.ആകയാൽ ആകാശത്തിൽനിന്നു വരുമെന്നുള്ള പ്രത്യാശ ആഗതനായ മഹാത്മാവിന്റെ സത്യത്തെക്കുറിച്ചു ചിന്തിക്കുന്നതിന്നു ആർക്കും ഒരു തടസമായിരിക്കാവതല്ല.

ഒരു ദൈവീകവാദിയുടെ സത്യത്തിന്ന് സാക്ഷ്യമായി വിശുദ്ധ ഖുർആൻ പറയുന്ന എല്ലാ സംഗതികളും വാഗ്ദത്തം ചെയ്യപ്പെട്ട മസീഹ് താനാണെന്നു വാദിച്ച ഹദ്റത്ത് അഹ്മദിൽ അക്ഷരംപ്രതി

പൂർത്തിയായിരിക്കുന്നു.അദ്ദേഹം സത്യവാദിയാണെന്നതിലേക്ക് അതുതന്നെ മതിയായ ലക്ഷ്യമാണ്. വിശുദ്ധ ഖുർആൻ ദൈവത്തിന്റെ വചനവും അതിൽ പറയപ്പെട്ട സംഗതികളെല്ലാം സത്യവുമാണെന്നു വിശ്വസിക്കുന്നവരാർക്കും ആഗതനായ ഈ പുണ്യാത്മാവ് സത്യവാദിയാണെന്നു സമ്മതിക്കാതിരിക്കാൻ നിവൃത്തിയില്ല. ലോകത്തിന്റെ സ്ഥിതി പ്രത്യേകിച്ചും വളരെ ചീത്തയായിപ്പോയിരുന്ന ഒരു കാലഘട്ടത്തിൽ നബിതിരുമേനി(സ) അവതരിച്ചതുതന്നെ തിരുമേനിയുടെ സത്യത്തിലേക്കു ഒരു സാക്ഷ്യമാണെന്നതു നമുക്കെല്ലാം ബോധ്യമായുള്ള ഒരു പരമാർത്ഥമാണ്. എന്നാൽ, അന്നത്തെ അറേബ്യയുടെ ദുർസ്ഥിതി ഇന്നു ലോകമെല്ലാം പരന്നു പിടിച്ചിരിക്കുന്നു എന്നും വിശിഷ്യ മുസ്ലിം ലോകം എത്രയും ദുഷിച്ചു യഹൂദജാതിയെപ്പോലായി ഭവിച്ചിരിക്കുന്നു എന്നുമുള്ള വസ്തുത എല്ലാവരും സമ്മതിക്കുന്ന ഒന്നാകുന്നു. ഈ സ്ഥിതി, ആഗതനായ പരിഷ്കർത്താവിന്റെ വാദത്തിലേക്കു നമ്മുടെ ശ്രദ്ധയെ ആകർഷിക്കാൻ പര്യപ്തമായതാണ്. തൗറാത്തിലും ഇഞ്ചീലിലും നബിതിരുമേനിയെ സംബന്ധിച്ചുള്ള പ്രവചനങ്ങൾ യഹൂദിനസാറാക്കൾ പ്രത്യാശിച്ചതുപോലെ ബാഹ്യരൂപത്തിൽ പൂർത്തിയാകാതിരുന്നതുകൊണ്ടു അവർ തിരുമേനിയെ കൈക്കൊണ്ടില്ലെങ്കിലും, നാം അവ തിരുമേനിയിൽ പൂർത്തിയായതായി വിശ്വസിക്കുകയും അത് തിരുമേനിയുടെ സത്യത്തിലേക്കു ആധാരമാണെന്നു അവരോട് പറയുകയും അവരെ ഇസ്ലാമിലേക്കു ക്ഷണിക്കുകയും ചെയ്യുന്നുവല്ലോ. ഇതേ പ്രകാരം തന്നെ മസീഹിന്റെ വരവുസംബന്ധിച്ചുള്ള നബിതിരുമേനിയുടെ പ്രവചനങ്ങൾ ആഗതനായ മസീഹിന്റെ സത്യത്തിലേക്കു ആധാരവും അദ്ദേഹത്തിന്റെ വാദത്തെക്കുറിച്ചു ചിന്തിക്കുന്നതിന്നു മുസ്ലിംകൾക്കു പ്രേരകവും തന്നെയാണ്. പ്രവചനങ്ങളുടെ നാനാവശങ്ങളെയും മുൻനിർത്തി അവയുടെ യാഥാർഥ്യമായ അർത്ഥത്തെ ചിന്തിച്ചറിയാത്തതു കൊണ്ടാണ് യഹൂദർക്കും ക്രിസ്ത്യർക്കും അബദ്ധം പിണഞ്ഞത്. നബിതിരുമേനിയുടെ ഖലീഫമാരായി വരുന്ന ഒരോരുത്തരും തിരുമേനിയുടെ അനുയായികളിൽ നിന്നുള്ളവരായിരിക്കുമെന്നു ഖുർആൻ സ്പഷ്ടമായി പറഞ്ഞിരിക്കുന്നതുകൊണ്ട്, ഇസ്ലാമിൽ ഖലീഫയായി വരേണ്ട വാഗ്ദത്തം ചെയ്യപ്പെട്ട മസീഹ് നബിതിരുമേനിയുടെ അനുയായികളിൽ ഒരാൾ തന്നെയായിരിക്കണമെന്ന് ചിന്തി

ക്കുന്നവർക്കു മനസ്സിലാക്കാൻ പ്രയാസമില്ല. ഈ സംഗതികളെ കുറിച്ച് ഒന്നും ചിന്തിക്കാതെ ലോകം സത്യവാദികളെ നിഷേധിച്ചു പോന്ന പ്രകാരം മുസ്‌ലിംകളും തങ്ങൾക്കായി വന്ന മസീഹിനെ നിരസിച്ചു കളഞ്ഞു!

അദ്ദേഹം തന്റെ വാദം മൂലം കാഫിറും മതഭ്രഷ്ടനുമായിത്തീർന്നിരിക്കുന്നുവെന്നും മറ്റും ആലിംകൾ ഫത്‌വ പുറപ്പെടുവിച്ചതു കൊണ്ടു മുസ്‌ലിംകൾ പൊതുവെ അദ്ദേഹത്തിന്റെ വാദങ്ങളെ ക്കുറിച്ച് വൈമുഖ്യം പ്രദർശിപ്പിച്ചുപോന്നു. ഇരുന്നൂറോളം ആലിംകൾ കൂടി അദ്ദേഹത്തിന്നു മതഭ്രഷ്ടു വിധിച്ചുവെന്നത് ഖുർആന്റെയും ഹദീസിന്റെയും സാക്ഷ്യങ്ങളെക്കാൾ പ്രാമാണ്യമായി മുസ്‌ലിംകൾ കരുതിക്കളഞ്ഞു! മനുഷ്യരുടെ ക്ഷേമാഭിവർദ്ധനത്തിനായി പല കാലങ്ങളിൽ ലോകത്തിൽ ആവിർഭവിച്ച് മഹാത്യാഗങ്ങൾ ചെയ്തു ജീവിച്ചിട്ടുള്ള ദൈവനിയുക്തരായ സത്യാത്മാക്കളാർക്കും തന്നെ ഭൗതീകതയിൽ ആണ്ടുപൂണ്ട് അഭക്തിയിൽ അടിയുറച്ചുകിടന്ന ജനങ്ങളിൽനിന്ന് ആശാസ്യമായ ഒരു സ്വാഗതം ഒരിക്കലും ലഭിച്ചിട്ടില്ല. കാരണം, ആ മഹാത്മാക്കളുടെ പുറപ്പാടും ഒരുക്കവും അവരുടെ കാലത്തുള്ള ജനങ്ങളുടെ പ്രതീക്ഷകൾക്കും പ്രത്യാ ശകൾക്കും എതിരായിരുന്നു എന്നതു തന്നെ ഈ വിഷയകമായി വിശുദ്ധ ഖുർആൻ ഇങ്ങനെ പറയുന്നു,

كُلَّمَا جَآءَهُمْ رَسُوْلٌۢ بِمَا لَا تَهْوٰٓى اَنْفُسُهُمْ ۙ
فَرِيْقًا كَذَّبُوْا وَفَرِيْقًا يَّقْتُلُوْنَ ۝٧١

അവർ ആഗ്രഹിക്കാത്തതുകൊണ്ട് അവരുടെ അടുക്കൽ പ്രവാചകന്മാർ വന്നപ്പോഴെല്ലാം ചിലരെ അവർ കള്ളരെന്നു പറഞ്ഞു തള്ളികളയുകയും ചിലരെ അവർ കൊല്ലുകയും ചെയ്തു.(5:71)

ഇങ്ങനെ,ആ പുണ്യാത്മാക്കളെല്ലാം, അവരവരുടെ കാലത്തുള്ള പുരോഹിതവർഗത്തിന്റെയും ജനസഞ്ചയത്തിന്റെയും ആക്ഷേപ ശരങ്ങൾക്കും ഹിംസകൾക്കും ലക്ഷീഭവിക്കുകയാണ് ചെയ്തു വന്നിട്ടുള്ളത്. അവർക്കനുഭവമായിട്ടുള്ള ദ്രോഹങ്ങളുടെ ഒരു ഏകദേശവിവരണം വിശുദ്ധഖുർആനിൽ നിന്നു നമുക്കു ലഭ്യമാകുന്നുണ്ട്. പ്രവാചകൻമാരെ പരിഹസിക്കുകയും ദ്രോഹിക്കുകയും

ചെയ്യാറുള്ള പണ്ടുപണ്ടേയുള്ള മനുഷ്യസ്വഭാവത്തെക്കുറിച്ച് വിശുദ്ധഖുർആൻ മറ്റൊരിടത്ത് ആക്ഷേപസ്വരത്തിൽ പ്രസ്താവിക്കുകയും അത് സത്യപ്രവാചകന്മാരുടെ ഒരു ലക്ഷണമാണെന്ന് മനസ്സിലാക്കിത്തരുകയും ചെയ്തിരിക്കുന്നത് ഇങ്ങനെയാണ്.

يٰحَسْرَةً عَلَى الْعِبَادِ ۚ مَا يَأْتِيهِمْ مِّنْ رَّسُولٍ
إِلَّا كَانُوا بِهِ يَسْتَهْزِءُونَ ﴿٣١﴾

"മനുഷ്യർക്ക് അഹോ കഷ്ടം! അവർ പരിഹസിക്കാത്ത ഒരു പ്രവാചകനും അവരുടെ അടുക്കൽ വരുന്നില്ല." (36:31)

മനുഷ്യരുടെ ഈ ദുസ്സമ്പ്രദായത്തിനു വിധേയനാകുന്നതിൽ നിന്ന് വിമുക്തി നേടാൻ നബിതിരുമേനിക്കു കൂടി സാധിച്ചില്ല! ആ ജ്ഞാനസൂര്യന്റെ പ്രഭാപ്രദീപ്തമായ മുഖാരവിന്ദം നോക്കികൊണ്ട് പരിഹാസ സ്വരത്തിൽ അന്നത്തെ പാമരൻമാർ

أَهٰذَا الَّذِي بَعَثَ اللّٰهُ رَسُولًا

"ഇതാണോ അല്ലാഹു അയച്ച പ്രവാചകൻ! "(ഖുർആൻ-25:42) എന്നും മറ്റുമായിരുന്നു പറഞ്ഞത്.

فَإِنْ كَذَّبُوكَ فَقَدْ كُذِّبَ

"നിന്നെ അവർ കള്ളനാക്കിത്തള്ളുന്നുവെങ്കിൽ നിനക്കു മുമ്പുവന്ന പ്രവാചകന്മാരും അപ്രകാരം നിഷേധിക്കപ്പെടുകയുണ്ടായിട്ടുണ്ട്."
(വി.ഖു-3:185)

എന്ന് അപ്പോൾ തിരുമേനിക്ക് അല്ലാഹു ആശ്വാസവചനം അറിയിച്ചുകൊടുക്കുകയാണുണ്ടായത്. ഇന്നുള്ളവർ കാത്തിരുന്ന അതേ ഈസാനബി (അ)ആദ്യം വന്നപ്പോൾ അന്നുള്ളവർ അദ്ദേഹത്തിന്ന് സ്വാഗതമരുളിയത് തച്ചന്റെ മകനല്ലേ ഇവൻ, ചുങ്കക്കാരും പാപികളുമല്ലേ ഇവന്റെ ചങ്ങാതിമാർ, എന്നും മറ്റും പറഞ്ഞിട്ടായിരുന്നുവെന്ന് സുവിശേഷങ്ങൾ(ഇഞ്ചീൽ) സാക്ഷ്യം വഹിക്കുന്നു. ഇങ്ങനെ പ്രവാചകന്മാരെല്ലാം പരിഹാസത്തിന്നും നിന്ദനത്തിനും ലക്ഷ്യമായിത്തീർന്നത് അവരുടെ സത്യത്തിന്റെ ലക്ഷണമാണെന്ന് വരുമ്പോൾ ദൈവനിയോഗിതൻ ഏതൊരു കാലത്ത് വരുന്നതായാലും ജനങ്ങളിൽനിന്ന് ശകാരവർഷവും മതഭ്രഷ്ടും ഏൽക്കേണ്ടി വരുമെ

ന്നത് തീർച്ചയാണ്. അത് അദ്ദേഹത്തിന്റെ വാദം സത്യമാണെന്ന സംഗതിയെ സുദൃഢീകരിക്കുന്ന ഒരു സാക്ഷ്യമായിരിക്കുന്നതുമാണ്.

ഈ സത്യസാക്ഷ്യവും ഇക്കാലത്ത് വാഗ്ദത്തം ചെയ്യപ്പെട്ട മസീഹായി അവതരിച്ച ഹദ്റത്ത് അഹ്മദിൽ പൂർത്തിയായിരിക്കുന്നു. അദ്ദേഹം ദൈവീക വാദം പുറപ്പെടുവിച്ചതോടുകൂടി അദ്ദേഹത്തിന്റെ നേർക്കു വിദ്വേഷത്തിന്റെ ഒരു ഭീകരക്കാറ്റു നാനാഭാഗത്തുനിന്നും അടിച്ചുതുടങ്ങി. മതപണ്ഡിതന്മാരും നാട്ടുപ്രമാണികളും അദ്ദേഹത്തിനെതിരായി കൂടിയാലോചനകൾ നടത്തുകയും അദ്ദേഹത്തിന്റെ പ്രസ്ഥാനത്തെ നശിപ്പിക്കാൻ ഉപായങ്ങൾ ചിന്തിക്കുകയും ജനാവലിയെ അദ്ദേഹത്തിന്റെയും അദ്ദേഹത്തിന്റെ ആ ചെറിയ അനുചരസംഘത്തിന്റെയും നേർക്ക് ഇളക്കി വിടുകയും ചെയ്തു. ഇതിലേക്കു സകല ഭൗതീകശക്തികളും അവർക്കു പിന്തുണ നൽകുകയും ചെയ്തു.എന്നാൽ ലോകത്തു എത്രയോ കപടവാദികളും കപടസംഘങ്ങളുമുണ്ടായിട്ടുണ്ട്, ഉണ്ടായികൊണ്ടിരിക്കുന്നുമുണ്ട്. അത്തരക്കാരുടെ നേർക്കാകട്ടെ ഈ മതപണ്ഡിതന്മാരുടെ ഭ്രഷ്ടുവിധിയും പ്രക്ഷോഭങ്ങളും പുറപ്പെടുകയോ അവരെ നശിപ്പിക്കുന്നതിന് ഇവർ ഉപായങ്ങൾ നോക്കുകയോ ചെയ്യാത്തത് എന്തുകൊണ്ടാണെന്നത് പ്രകൃതത്തിൽ ചിന്താർഹമായിട്ടുള്ളതാകുന്നു. അക്രമികളും അന്യായകാരികളും അധർമ്മം പരത്തുന്നവരും ശരീഅത്തുകൊണ്ടു അമ്മാനമാടുന്നവരും ഇന്നു മുസ്‌ലിം ലോകത്ത് എത്രയോ സുലഭമാണ്! ഇവരുടെ നേർക്ക് ഉലമാക്കളുടെ ഭ്രഷ്ട് വിധിയും പൊതുജനങ്ങളുടെ ഹാലിളക്കവും കാൺമാനെ ഇല്ല! ഇത്തരക്കാർക്ക് പള്ളിമുടക്കമോ പന്തിവിരോധമോ ശ്മശാന തടസ്ഥമോ ഒന്നും തന്നെ ഇല്ല! എന്നാൽ സത്യസേവനത്തിനായി ഒരു മഹാത്മാവ് എഴുന്നേറ്റ് യഥാർത്ഥമായ പരിഷ്കാരത്തിന്റെ ആ പ്രഭാപൂരം പരത്തിതുടങ്ങിയപ്പോൾ വെളിച്ചം കണ്ടു കൂടാത്തവരും അന്ധകാരത്തിൽ സ്വാർഥം നേടുവാൻ ഇച്ഛിക്കുന്നവരും അദ്ദേഹത്തെ നശിപ്പിക്കുവാൻ തന്നെ പുറപ്പെടുന്നു! അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരായി അദ്ദേഹം പ്രബോധനം ചെയ്തുതുടങ്ങിയപ്പോൾ പുരോഹിതവർഗം അദ്ദേഹത്തിന്ന് മതഭ്രഷ്ടു വിധിക്കുക മാത്രമല്ല അദ്ദേഹത്തെ ഹനിക്കുവാൻ ജനസാമാന്യത്തെ പ്രേരിപ്പിക്കുക കൂടി ചെയ്തു. അങ്ങനെ വിരോധികളെല്ലാം ഒന്നുചേർന്ന്

ഹദ്റത്ത് അഹ്മദിനെയും അദ്ദേഹത്തിന്റെ പ്രസ്ഥാനത്തെയും ഉന്മൂലനം ചെയ്യുന്നതിന്ന് അഹോരാത്രം പരിശ്രമിച്ചുപോന്നിട്ടും അദ്ദേഹത്തിന്റെ നാമവും പ്രസ്ഥാനവും നാൾക്കുനാൾ അഭിവൃദ്ധി സോപാനത്തിന്റെ ഉന്നതപടികളെ തരണം ചെയ്തുകൊണ്ടു തന്നെ പോകുന്നു!

തന്റെ വൈരികളുടെ ഇത്തരം എതിർവേലകളുടെ അന്ത്യഫലത്തെയും തന്റെ സ്വന്തം വിജയത്തെയും കുറിച്ചു അദ്ദേഹം ഒരിടത്തു ഇപ്രകാരം പ്രവചിച്ചിരിക്കുന്നു:..

> “സത്യത്തിന്റെ വൈരികൾക്കു മുമ്പെപ്പോഴെങ്കിലും ഇത്തരം കുചെയ്തികളാൽ വിജയം സിദ്ധിച്ചിരുന്നുവെങ്കിൽ ഇക്കൂട്ടർക്കും വിജയികളായിത്തീരാമായിരുന്നു! എന്നാൽ ദൈവത്തിനു വിരോധം പ്രവർത്തിക്കുകയും അവൻ ഇച്ഛിച്ച കാര്യത്തെ എതിർക്കുകയും ചെയ്യുന്നവർ എപ്പോഴും എളിമയും തോൽവിയും അടയുമെന്നത് സ്ഥാപിതമായ ഒരു പരമാർത്ഥം തന്നെയാണെങ്കിൽ, അപജയത്തിന്റെയും അപമാനത്തിന്റെയും കാലം ഇവരെയും അഭിമുഖീകരിക്കുന്നതാണ്. ദൈവത്തിന്റെ വചനം ഒരിക്കലും ലക്ഷ്യം പിഴച്ചുപോയിട്ടില്ല; ഒരിക്കലും പിഴച്ചുപോവുകയുമില്ല. താനും തന്റെ റസൂലും എപ്പോഴും വിജയിക്കുമെന്നു അല്ലാഹു പണ്ടേ വിധിക്കുകയും അവൻ അതൊരു നിയമമാക്കുകയും ചെയ്തിരിക്കുന്നു എന്നു ഖുർആൻ പറയുന്നു. അതിനാൽ ആദമിന്റെ കാലം തൊട്ടു നബിതിരുമേനിയുടെ കാലം വരെ പ്രസ്തുത നിയമം സത്യമായി പുലർന്നു വന്ന പ്രകാരം തന്നെ അത് എന്റെ കാര്യത്തിലും പൂർത്തിയാകുമെന്നു ഞാനിതാ പ്രഖ്യാപനം ചെയ്തു കൊള്ളുന്നു: ”

(നുസുലുൽ മസീഹ്,പേജ്:2)

ഈ പ്രവചനത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം തന്നെ ഹദ്റത്ത് അഹ്മദിന്റെ വൈരികൾ മിക്കവാറും ഹതാശരായി ഒടുങ്ങിപ്പോയി. ബാക്കിയുള്ളവരും തങ്ങളാശിച്ചവിധം അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ നാശം കാണാൻ കഴിയാതെ നൈരാശ്യത്തോടെ ഈ ഭൂതലം മറ്റുള്ളവർക്കു വിട്ടുകൊടുത്തിട്ട് ഒഴിഞ്ഞു പോയ്ക്കൊണ്ടിരിക്കുന്നു. ഇതു ഹദ്റത്ത് അഹ്മദിന്റെ സത്യതയായി നിഷ്പ്രയാസം ഗ്രഹിക്കാം.

വാഗ്ദത്തം ചെയ്യപ്പെട്ട മസീഹായി വന്നിരിക്കുന്ന മഹാത്മാവിന്റെ സത്യത്തിലേക്കു ഇങ്ങനെ നിരവധി സാക്ഷ്യങ്ങളുണ്ടെങ്കിലും

വലിയൊരു വിഭാഗം അവയെക്കുറിച്ചു ചിന്തിക്കുന്നതിന് ഉലമാക്കളുടെ കുഫ്റ് ഫത്വയെ ഒരു തടസമായി കരുതി വരുന്നു. ഹദ്റത്ത് അഹ്മദിനെതിരായി അറബികളും അജമികളുമായ ഒട്ടു വളരെ മതപണ്ഡിതന്മാർകൂടി ഫത്വ പുറപ്പെടുവിച്ചിട്ടുള്ളത് അദ്ദേഹത്തിന്റെ വാദങ്ങളിൽ വമ്പിച്ച തകരാറുകൾ ഉള്ളതുകൊണ്ടായിരിക്കണമെന്നാണ് ഇക്കൂട്ടർ വിചാരിക്കുന്നത്. എന്നാൽ മുമ്പുദ്ധരിച്ച ഖുർആൻ വാക്യങ്ങളുടെ സാക്ഷ്യം കൊണ്ട് പണ്ഡിതന്മാരുടെ ഈ കുഫ്റ് ഫത്വകളും പരിഹാസോക്തികളും ജനങ്ങളുടെ നിഷേധഭാവവും ഒരു സത്യവാദിക്കുണ്ടായിരിക്കേണ്ടതാവശ്യമാണെന്നു തെളിയുന്നുണ്ടല്ലോ? പ്രവാചകന്മാരുടെ കഥ അവിടെ നിൽക്കട്ടെ. മുസ്ലിം ലോകം ഇന്നു തങ്ങളുടെ ഇമാമുകളായി ബഹുമാനിച്ചു വരുന്ന മഹാത്മാക്കളുടെ ആദ്യാവസ്ഥ തന്നെ ആലോചിക്കാം. എന്നാൽ അവരും അതാതുകാലത്തെ ഉല മാക്കളുടെ കുഫ്റ് ഫത്വകൾക്കും പാമരജനങ്ങളുടെ മർദ്ദനങ്ങൾക്കും ലക്ഷീഭവിച്ചവർ തന്നെയായിരുന്നു. ആ മഹാന്മാരുടെ ജീവചരിത്രങ്ങൾ പാരായണം ചെയ്യുമ്പോൾ ആർക്കും രോമാഞ്ചമുണ്ടായിപ്പോകുമാറ് ആ പുണ്യവാന്മാരോരുത്തരും അവരുടെ കാലത്തെ പണ്ഡിതപാമരാദി നിഷ്ഠൂര ജനത്തിന്റെ നിർദ്ദയമായ പെരുമാറ്റത്തിന്ന് വിധേയരായിരുന്നതായി കാണാം. ഹദ്റത്ത് അഹ്മദിന്റെ വാദങ്ങളെപ്പറ്റി പരിചിന്തനം ചെയ്യുന്നതിനു ഉലമാക്കളുടെ ഫത്വകളെ പ്രതിബന്ധമായി കരുതുന്ന ഇന്നത്തെ മുസ്ലിം ലോകത്തിന്റെ ഭക്ത്യാദരങ്ങൾക്കു പാത്രങ്ങളായി ചമഞ്ഞിരിക്കുന്ന ആ ഇമാമുകൾക്കും മുജദ്ദിദുമാർക്കും ഇന്നത്തെ ഈ പൊതു സ്വീകാര്യം ലഭിച്ചതും അതതുകാലത്തെ ഉലമാക്കളുടെ ഫത്വകൾക്കും പാമര ജനങ്ങളുടെ പരിഹാസത്തിന്നും മർദ്ദനത്തിന്നും അവർ വിധേയരായതിന്ന് എത്രയോ ശേഷമാണെന്നും കാണാം! ആ പുണ്യവാന്മാരിൽ ചിലരുടെ അവർ അനുഭവിച്ച കഷ്ടതകളുടെ ഒരു സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു.

1. ഹദ്റത്ത് ഇമാം അബൂഹനീഫയെ ഉലമാക്കൾ ജാഹിലെന്നും ബിദ്അത്തീ എന്നും സിൻദീഖ് എന്നും കാഫിറെന്നും വിളിക്കുകയും ഒടുവിൽ അദ്ദേഹത്തെ ജയിലിലിടുന്നതിന്നും അവിടെവെച്ച് വിഷം കൊടുത്തു കൊന്നുകളയുന്നതിനും സംഗതിയാക്കുകയും ചെയ്തു. ഇതു കൊണ്ടും അരിശം തീരാഞ്ഞിട്ട് അവർ അദ്ദേഹത്തിന്റെ മൃതശരീരം കല്ലറയിൽ നിന്ന് തോണ്ടിയെടുത്ത് ദഹിപ്പിച്ചുകളയുകയും

തൽസ്ഥാനത്ത് ഒരു നായയുടെ ശവം വെച്ചു ഖബർ മൂടുകയും ചെയ്തു.

2. ഹദ്റത്ത് ഇമാം മാലിക് മുല്ലാക്കളുമായുള്ള അഭിപ്രായ വ്യത്യാസം ഹേതുവായി അവരുടെ വിരോധഫത്വകൾക്ക് പാത്രമാകുകയും 25 കൊല്ലത്തോളം ജുമുഅ നമസ്കാരത്തിനുപോലും വെളിയിലിറങ്ങാൻ സാധിക്കാതാകുമാറ് ബന്ധനസ്ഥനാക്കപ്പെടുകയും ചെയ്തു. അദ്ദേഹത്തിന്റെ കൈകൾ രണ്ടും പിമ്പുറത്താക്കി മുറുക്കിക്കെട്ടിയിടുകയാൽ ഒരു കൈ മണികെട്ടിൽ നിന്ന് മുറിഞ്ഞുപോവുക കൂടി ചെയ്തു. ഈ സ്ഥിതിയിൽ അദ്ദേഹത്തെ ഒട്ടകപ്പുറത്തേറ്റി നഗരം പ്രദക്ഷിണം ചെയ്യിക്കുകയും പരസ്യമായിട്ടു അദ്ദേഹത്തെ ചമ്മട്ടികൊണ്ട് എഴുപതടി അടിക്കുകയും ചെയ്തു.

3. ഹദ്റത്ത് ഇമാം ശാഫിഈ രണ്ടാം നൂറ്റാണ്ടിലെ ഒരു മുജദ്ദിദായി പരിഗണിക്കപ്പെട്ടുവെങ്കിലും ആദ്യം മുല്ലാക്കൾ അദ്ദേഹത്തെ ഇബ്‌ലീസിനെക്കാൾ ദുഷ്ടൻ എന്നും റാഫിസി എന്നും മറ്റും വിളിക്കുകയുണ്ടായിട്ടുണ്ട്. ഇറാക്കിലെയും ഈജിപ്തിലെയും ഉലമാക്കൾ അദ്ദേഹത്തിന്റെ പേരിൽ വമ്പിച്ച അപരാധങ്ങൾ ചുമത്തിയതു നിമിത്തം അധികാരസ്ഥന്മാർ അദ്ദേഹത്തെ ബന്ധനസ്ഥനാക്കി സിറിയയിൽ നിന്നു ബാഗ്ദാദിലേക്കു കാൽനടയായി നടത്തിച്ചുകൊണ്ടുപോകുകയും അനേകശതം ആളുകൾ വഴിനീളെ അദ്ദേഹത്തെ അസഭ്യവാക്കുകളാൽ അഭിഷേകിച്ചുകൊണ്ട് അനുഗമിക്കുകയും ചെയ്തു.

4. ഹദ്റത്ത് ഇമാം അഹ്മദുബ്നു ഹമ്പൽ അഭിപ്രായവൈപരീത്യം ഹേതുവായി ഉലമാക്കളുടെ അനിഷ്ടത്തിന് പാത്രമായി. അവർ അദ്ദേഹത്തെ മതദ്രോഹിയെന്ന് വിധിക്കുകയും തന്മൂലം അധികാരിവർഗ്ഗം എത്രയോ മാസം അദ്ദേഹത്തെ കാലുകളിൽ കനത്ത ചങ്ങലകളിട്ടു തടവിൽ പാർപ്പിക്കുകയും അദ്ദേഹത്തെ അപമാനിക്കുന്നതിന്ന് അദ്ദേഹത്തെ ചിലപ്പോൾ സദസ്സുകളിൽ കൂട്ടിക്കൊണ്ടുപോയി മറ്റുള്ളവരെകൊണ്ട് അദ്ദേഹത്തിന്റെ മുഖത്ത് അടിപ്പിക്കുകയും തുപ്പിക്കുകയും ചെയ്തു. എല്ലാ വൈകുന്നേരവും അദ്ദേഹത്തെ തടവിൽ നിന്ന് വെളിയിലിറക്കി പരസ്യമായ നിലയിൽ ചമ്മട്ടികൊണ്ടു അടിക്കുക കൂടി ചെയ്തു പോന്നു. ഇങ്ങനെയുള്ള അദ്ദേഹത്തെ പിന്നീട് ഇമാമായും രണ്ടാം നൂറ്റാണ്ടിലെ ഒരു മുജദ്ദിദായും അംഗീകരിക്കുകയുണ്ടായി.

5. ഹദ്റത്ത് മുഹ്യുദ്ദീനിബ്നി അറബി ഇന്ന് ശൈഖുൽ അക്ബർ എന്ന പേരിൽ ആദരിക്കപ്പെട്ടുവരുന്നുവെങ്കിലും തന്റെ കാലത്തെ മുല്ലാക്കൾ അദ്ദേഹത്തെ എറ്റവും വലിയ കാഫിർ എന്നാണ് വിളിച്ചിരുന്നത്. അദ്ദേഹത്തിന്റെ കുഫ്റ് യഹൂദി നസാറാക്കളുടെ കുഫ്റിനെക്കാൾ കടുത്തതാണെന്ന് മാത്രമല്ല അതിനെക്കുറിച്ച് സംശയിക്കുന്നവർ കൂടി കാഫിറായിപ്പൊകുമാറുള്ള തരത്തിൽ അത്ര ഭയങ്കരമായ കുഫ്റാണെന്നും കൂടി അന്നത്തെ ബാഹ്യവാദികളായ പണ്ഡിതന്മാർ വിധിക്കയുണ്ടായി.

6. അഞ്ചാം നൂറ്റാണ്ടിലെ മുജദ്ദിദായ ഇമാം ഗസ്സാലിക്കെതിരെ മുല്ലാക്കൾ കുഫ്റ് ഫത്വ നടത്തുകയും അദ്ദേഹത്തിന്റെ കൃതികൾ അഗ്നിക്കിരയാക്കാൻ വിധിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ പേരിൽ ശാപവർഷം (ലഅ്നത്തു) ചെയ്യുന്നത് ഒരു പുണ്യകർമ്മമാണെന്ന് കൂടി കരുതപ്പെട്ടുവന്നിരുന്നു.

7. ആറാം നൂറ്റാണ്ടിലെ മുജദ്ദിദായ ഹദ്റത്ത് മുഹ്യുദ്ദീൻ അബ്ദുൽ ഖാദിർ ജീലാനിയെ മതപണ്ഡിതന്മാർ കാഫിർ എന്നു വിധിക്കുകയും അദ്ദേഹത്തെ തലമുടിക്കു പിടിച്ച് പള്ളിയിൽ നിന്നു പുറത്താക്കുകയും ചെയ്തിട്ടുണ്ട്.

8. എഴാം നൂറ്റാണ്ടിലെ മുജദ്ദിദായി പരിഗണിക്കപ്പെട്ടിരിക്കുന്ന ഹദ്റത്ത് ഇബ്നു തൈമിയയെ മുല്ലാക്കൾ കുഫ്റ ഫത്വ ചെയ്യുകയും അതനുസരിച്ച് അധികാരസ്ഥന്മാർ അദ്ദേഹത്തെ ഈജിപ്തിൽ തടവിൽ പാർപ്പിക്കുകയും ഒടുവിൽ ഖാസിയുടെ വിധിപ്രകാരം അദ്ദേഹത്തെ വധിച്ചു മൃതശരീരം ദഹിപ്പിച്ചുകളയുകയും ചെയ്തു.

9. ഒമ്പതാം നൂറ്റാണ്ടിലെ മുജദ്ദിദായ ഹദ്റത്ത് മുഹമ്മദ് ജോൺപൂരിയെ മുല്ലാക്കൾ വഴിപിഴച്ചവർ എന്ന് വിധിക്കുകയും തടവിലാക്കുകയും ബഹുവിധ ഹിംസകൾക്ക് വിധേയനാക്കി ഒടുവിൽ കൊന്നുകളയുകയും ചെയ്തു.

10. മുജദ്ദിദു അൽഫിസാനി എന്ന പേരിൽ അറിയപ്പെടുന്ന 11ാം നൂറ്റാണ്ടിലെ മുജദ്ദിദായ ഹദ്റത്ത് അഹ്മദുസർഹിന്ദിയെ മതപണ്ഡിതന്മാർ കാഫിർ എന്ന് വിധിക്കുകയും ജഹാങ്കിർ ചക്രവർത്തിയുടെ ഗവാലയാർ കോട്ടയിൽ ബന്ധിക്കുന്നതിനിടയാക്കുകയും ചെയ്തു. അദ്ദേഹം ദ്രോഹബുദ്ധികളുടെ ശകാരങ്ങൾക്കും ദുർഭാഷ

ണങ്ങൾക്കും പാത്രമാകുകയും അദ്ദേഹത്തിന്റെ താടിരോമം പറിച്ചു കളയപ്പെടുകയുമുണ്ടായിട്ടുണ്ട്.

11. പന്ത്രണ്ടാം നൂറ്റാണ്ടിലെ മുജദ്ദിദായ ഹദ്റത്ത് ശാഹ്‌വലിയുല്ലാഹ് ദഹ്‌ലവിയെ മുല്ലാക്കളുടെ വിധിപ്രകാരം വഴിപിഴച്ചവനും ദുരാചാരിയുമെന്ന് ജനങ്ങൾ ഗണിക്കുകയുണ്ടായി. എന്നാൽ ഇന്ന് അദ്ദേഹം ഹക്കീമുൽ ഉമ്മത്ത് എന്ന ബഹുമാനാഭിധാനത്താൽ സ്മരിക്കപ്പെടുന്നു.

12. പതിമൂന്നാം നൂറ്റാണ്ടിലെ മുജദ്ദിദായ ഹദ്റത്ത് അഹ്മദ് ബറേൽവിയയും മുല്ലാക്കൾ തങ്ങളുടെ ഫത്‌വകളാകുന്ന നിശിതായുധങ്ങൾ കൊണ്ട് ക്ഷതപ്പെടുത്താതിരുന്നിട്ടില്ല.

പ്രസ്തുത ഇമാമുകളെയും മറ്റനേകം മഹാത്മാക്കളെയും കാഫിർ എന്ന് വിളിച്ച് പീഡിപ്പിച്ചു പോന്ന പുരോഹിത വർഗത്തേക്കാൾ കഠിനന്മാരായ ഉപദ്രവകാരികളായിരിക്കും ഇക്കാലത്തെ ഉലമാക്കൾ എന്നു നബിതിരുമേനിയുടെ ഒരു പ്രവചനത്തിൽ നിന്നു വ്യക്തമാകുന്നുണ്ട്. അന്ത്യകാലത്തെ ഇസ്‌ലാമിന്റെ ശോച്യാവസ്ഥയെക്കുറിച്ച് തിരുമേനി ഇപ്രകാരം പ്രവചിച്ചിരിക്കുന്നു.

علمآء هم شرّ من تحت اديم السّمآء

"അന്നുള്ളവരുടെ ഉലമാക്കൾ ആകാശത്തിൻകീഴിൽ ഏറ്റവും ദുഷ്ടന്മാരായിരിക്കും." (മിശ്ക്കാത്ത്)

ഇങ്ങനെ എറ്റവും ദുഷിച്ചവരാണെന്ന് നബിതിരുമേനി തന്നെ പറഞ്ഞുതന്നിരുന്ന അവസാനകാലത്തെ ഉലമാക്കൾ വാഗ്ദത്തം ചെയ്യപ്പെട്ട മസീഹിനെയും അനുചരസംഘത്തെയും കുഫ്റ് കൊണ്ടു വിധിക്കാതെയും ദ്രോഹിക്കാതെയും വിട്ടുകളയുമെന്നു വിചാരിക്കാൻ നിവർത്തിയുണ്ടോ? അങ്ങനെ ആ മസീഹിനെയും അനുയായികളെയും ഉലമാക്കൾ കുഫ്റ് ഫത്‌വ ചെയ്താൽ അതിന് വില കല്പിക്കരുതെന്നും അത് അവരുടെ സ്വഭാവദൂഷ്യത്തിന്റെ ഒരു ഫലം മാത്രമാണെന്നും മുസ്‌ലിംകൾ മനസ്സിലാക്കിക്കൊള്ളേണ്ടതിനാണ് നബിതിരുമേനി (സ) അവരുടെ ദുഷ്ടതയുടെ ഉഗ്രത പ്രസ്തുത വചനം മുഖേന അറിയിച്ചു തന്നിരിക്കുന്നത്. ഇതിനും പുറമെ, ബാഹ്യവർത്തികളായ ഉലമാക്കൾ വരുന്ന മഹ്ദിമസീഹി

നെ നിഷേധിക്കുകയും അദ്ദേഹത്തെ അബദ്ധക്കാരനെന്നു വിധിക്കുകയും അദ്ദേഹത്തിനു വിരോധം പ്രവർത്തിക്കയും ചെയ്യുമെന്ന് കഴിഞ്ഞ മഹാത്മാക്കളിൽ ചിലർ പറഞ്ഞിട്ടുണ്ട്. ദൃഷ്ടാന്തമായി, ശൈഖുൽ അക്ബർ ഹദ്റത്ത് ഇബ്നു അറബി പറഞ്ഞിരിക്കുന്നത് പ്രത്യേകം ശ്രദ്ധേയമാണ്:

واذاخرج هٰذا الامام المهدیّ فليس لهٗ عدوّمّبين الّا الفقهاء
خاصّة فانّهم لا تبقٰى لهم رياسة وّلاتميز عن العامّة

ഇമാം മഹ്ദി വെളിപ്പെട്ടാൽ അദ്ദേഹത്തിന്റെ പ്രത്യക്ഷവിരോധികൾ 'ഫുഖഹാ' എന്ന ശാസ്ത്രിമാരല്ലാതെ മറ്റാരുമായിരിക്കില്ല. എന്തെന്നാൽ മഹ്ദിയെ സ്വീകരിക്കുന്നതുകൊണ്ട് സാമാന്യ ജനതാ മദ്ധ്യത്തിൽ അവർക്കുള്ള നേതൃത്വവും ശ്രേഷ്ഠത്വവും അവർക്ക് നഷ്ടമാകും. (ഫുതൂഹാതുൽമക്കിയ്യ. വാള്യം-3, പേജ്:336)

ഇതുപോലെ, മുജദ്ദിദ് അൽഫിസാനി എന്ന പേരിൽ അറിയപ്പെടുന്ന പതിനൊന്നാം നൂറ്റാണ്ടിലെ മുജദ്ദിദായ ഹദ്റത്ത് അഹ്മദ് സർഹിന്ദിയും പറഞ്ഞിരിക്കുന്നു, അതായത്

نزدیک است کہ علماء ظواہر مجتہدات اوراعلٰی نبینا دعلیہ الصلوۃ والسلام
ازکمال دقت وغموض ماخذ اانکارنمائند ومخالف کتاب وسنت دانند

അദ്ദേഹത്തിന്റെ (വാഗ്ദത്തം ചെയ്യപ്പെട്ട മസീഹിന്റെ) അഭിപ്രായങ്ങളെ അവയുടെ അഗാധത നിമിത്തം, ബാഹ്യവാദികളായ പണ്ഡിതന്മാർ നിഷേധിക്കുകയും അവ ഖുർആനും സുന്നത്തിന്നും എതിരാണെന്നു കരുതുകയും ചെയ്യും

(മക്ത്തൂബാത്ത് വാള്യം-2,പേജ്:107)

തന്നെയുമല്ല മസീഹിന് വിരോധം പ്രവർത്തിക്കേണ്ടുന്ന ഉലമാക്കളുടെ കാലത്ത് ജീവിച്ച് അവരുടെ ദുഷ്ടതയെ പരിചയിച്ചറിയുകയും, അവർ നബിതിരുമേനിയുടെ പ്രവചനപ്രകാരം ദുഷ്ടക്കൂട്ടമായിത്തീർന്നിരിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുള്ള അല്ലാമഃ സിദ്ദീഖ് ഹസൻ ഖാനും ഇതിനെക്കുറിച്ച് പ്രസ്താവിച്ചിട്ടുണ്ട്. അദ്ദേഹം പറഞ്ഞിരിക്കുന്നത് ഈ ഉലമാക്കൾ കുഫ്റ്

ഫത്വകാരികളായ തങ്ങളുടെ പൂർവികന്മാരെ അനുകരിച്ചു കൊണ്ട്

> "ഫത്വ എഴുതി ശീലപ്പെട്ടുപോകയാൽ അവർ വാഗ്ദത്തം ചെയ്യപ്പെട്ട മസീഹിനെ കാഫിറും വഴിപിഴച്ചവനുമെന്ന് വിധിക്കും" എന്നാണ് (ഹുജജുൽകിറാമഃ പേജ്:363)

ഇപ്പറഞ്ഞ പ്രകാരം തന്നെ, ഹദ്റത്ത് അഹ്മദ് (അ) താൻ മഹ്ദീ മസീഹാണെന്ന് വാദിച്ചപ്പോൾ ബാഹ്യചാരികളായ ഉലമാക്കൾ അദ്ദേഹത്തെ നിഷേധിക്കുകയും വഴിപിഴച്ചവനെന്നു വിധിക്കുകയും കുഫ്റ ഫത്വ ചെയ്യുകയും അദ്ദേഹത്തിന്റെ നേർക്കു ബദ്ധവിരോധം പ്രവർത്തിക്കുകയും നിരവധി ദ്രോഹകൃത്യങ്ങൾ നടത്തുകയും ചെയ്തു. ഇങ്ങനെ അവർ പ്രവർത്തിച്ചത് നബിതിരുമേനി(സ) യുടെ പ്രവചനപ്രകാരവും മഹാത്മാക്കളുടെ ദീർഘദർശനപ്രകാരവും ആയിരിക്കയാൽ ഇതും ഹദ്റത്ത് അഹ്മദിന്റെ സത്യത്തിലേക്ക് ഒരു സാക്ഷ്യമാകുന്നു.

എന്നാൽ ശത്രുക്കൾ എത്രതന്നെ തലയിട്ടടിച്ചിട്ടും അവർക്ക് പരാജയത്തിന്റെയും നൈരാശ്യത്തിന്റെയും ആ ദുർമുഖം മാത്രം കാണാൻ സാധിക്കുകയും അദ്ദേഹം എല്ലാ രംഗത്തും വിജയശ്രീയാൽ ആശ്ലിഷ്ടനായിഭവിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ പ്രസ്ഥാനം അദ്ദേഹം നട്ടുവളർത്തിയ ആ അഹ്മദിയ്യാ ചെറുചെടി അദ്ദേഹത്തിന്റെ കാലത്തുതന്നെ പൂക്കുകയും കായ്ക്കുകയും അഞ്ചു ലക്ഷത്തോളമാളുകൾക്ക് വിശ്രമം നൽകുകയും ചെയ്തു. ഇപ്പോൾ അതാർക്കും മുറിച്ചുവീഴ്ത്താൻ സാധിക്കാതെ ഒരു മഹാവൃക്ഷമായിത്തീരുകയും അതിന്റെ ശാഖോപശാഖകൾ ഭൂമിയുടെ നാനാകോണുകളിലുമെത്തുകയും ചെയ്തു; പതിനഞ്ചുലക്ഷത്തോളമാളുകൾ അതിന്റെ തണലിൽ വിശ്രമമേൽക്കുകയും ചെയ്യുന്നു. അഹ്മദിയ്യാ പ്രസ്ഥാനത്തിനുണ്ടായിട്ടുള്ള ഈ അഭിവൃദ്ധിയും വിജയവും അതിന്റെ ബദ്ധശത്രുക്കൾ പോലും സമ്മതിച്ചുപറയുമാറുള്ള തരത്തിൽ പ്രത്യക്ഷമായവയാണ്. അഹ്മദിയ്യത്തിന്റെ ഒരു ബദ്ധവൈരിയായ മൗലവി സഫർ അലിഖാൻ സാഹിബ്-'സമീന്ദാർ' പത്രാധിപർ-താൻ എഴുതിയ ഒരു എതിർ ലേഖനത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:

> ഇത് (അഹ്മദിയ്യത്ത്) ഇപ്പൊൾ തടിച്ച് ഫലവത്തായ ഒരു വൃക്ഷമായിത്തീർന്നിരിക്കുന്നു. അതിന്റെ ശാഖകൾ ഒരു ഭാഗത്തു ചൈന

യിലും മറുഭാഗത്തു യുറോപ്പിലും വ്യാപിച്ചിരിക്കുന്നതായിട്ട് കാണുന്നു. (സമീന്ദാർ-9.10.1932)

വീണ്ടും അദ്ദേഹം പറഞ്ഞിരിക്കുന്നു; ക്യാന്റ്, ഡീകാർട്ട്, ഹെഗൽ എന്നിവരുടെ തത്വജ്ഞാനങ്ങളെപ്പോലും വകവെക്കാതിരുന്ന വലിയ വലിയ വിദ്യാബിരുദധാരികളും വക്കീലന്മാരും പ്രൊഫസർമാരും ഡോക്ടർമാരും കണ്ണും ചിമ്മി ഗുലാം അഹ്മദ് ഖാദിയാനിയുടെ നിരർത്ഥക(?) വാദങ്ങളിൽ വിശ്വസിച്ചിരിക്കുന്നത് എന്റെ വിസ്മയഭരിതമായ കണ്ണുകൾ എത്രയും ദു:ഖത്തോടുകൂടിയാണ് വീക്ഷിക്കുന്നത്. (സമീന്ദാർ-9.10.1932).

ബാഹ്യവർത്തികളായ ഈ പണ്ഡിതന്മാർ സകല ഭൗതികശക്തികളുടെയും സഹായത്തോടുകൂടി ഹദ്റത്ത് അഹ്മദിനെയും അദ്ദേഹത്തിന്റെ ചെറു ശിഷ്യ സംഘത്തെയും നാശപ്പെടുത്തുന്നതിന്ന് സർവപ്രകാരേണ പരിശ്രമിച്ചിട്ടും ആ പുണ്യാത്മാവിന് മേൽ പ്രകാരം പ്രത്യക്ഷമായ തരത്തിലുള്ള വിജയം സിദ്ധിക്കുകയും അദ്ദേഹത്തിന്റെ ശത്രുക്കൾ നൈരാശ്യത്തോടും ഖേദത്തോടും കൂടി ആ മഹത്തായ വിജയത്തിന്റെ നേർക്ക് മിഴിച്ചുനോക്കുമാറാകയും ചെയ്തിരിക്കുന്നത് അദ്ദേഹം ദൈവനിയുക്തനായ ഒരു സത്യാത്മാവെന്നതിലേക്ക് മതിയായ ഒരു സാക്ഷ്യമാകുന്നു.

ഇത്രയുമല്ല, ലോകമാകമാനം തന്റെ ഈ പ്രസ്ഥാനത്തിങ്കീഴിൽ ശരണം പ്രാപിക്കുന്ന ഒരു ഭാസുരകാലത്തെക്കുറിച്ച് അദ്ദേഹം പ്രവചിക്കുകയും ചെയ്തിട്ടുണ്ട്. ആ മഹത്തായ പ്രവചനത്തെ ഇവിടെ എടുത്തുദ്ധരിക്കുന്നത് സത്യതല്പരന്മാർക്ക് സത്യം ഗ്രഹിക്കുന്നതിന്ന് സഹായകമായിരിക്കുമെന്നു കരുതുന്നു. അതിപ്രകാരമാണ്:

"അല്ലയോ ജനങ്ങളെ! ഞാനിപ്പറയുന്നത് ആകാശഭൂമികളുടെ കർത്താവായ അല്ലാഹുവിന്റെ പക്കൽ നിന്നുള്ള ഒരു പ്രവചനമാണെന്ന് ധരിച്ചുകൊൾവിൻ. ആ സർവൈകനാഥൻ എന്റെ അനുചര സംഘത്തെ എല്ലാ രാജ്യങ്ങളിലും വ്യാപിക്കുമാറാക്കുകയും അവരെ യുക്തിവാദികളും ന്യായപ്രമാണങ്ങളും മുഖേന മറ്റെല്ലാവരുടെയും മേൽ വിജയിക്കുമാറാക്കുകയും ചെയ്യുന്നതാണ്.ഞാൻ പ്രബോധിക്കുന്ന ഈ വിശ്വാസം മാത്രം ഭൂമുഖത്ത് ആദരപൂർവ്വം ആചരിക്കപ്പെടുമാറാകുന്ന ആ കാലം ഇതാ വരുന്നു; അല്ല ആ കാലം എത്രയും സമീപസ്ഥമായിരിക്കുന്നു. ദൈവം ഈ വിശ്വാസത്തേയും ഈ പ്രസ്ഥാനത്തെയും അദ്ഭുതകരമായ തരത്തിൽ

അനുഗ്രഹീതമാക്കുകയും അതിനെ നശിപ്പിക്കുവാൻ ആലോചിക്കുന്നവരുടെ ഉദ്ദേശം വിഫലമാക്കിത്തീർക്കുകയും ചെയ്യും. ഇതിന് ലഭ്യമാകുന്ന വിജയം ശാശ്വതമായിരിക്കുന്നതും ഇതിന് സിദ്ധിക്കുന്ന മേന്മ ലോകാവസാനം വരെ നിലനിൽക്കുന്നതുമായിരിക്കും. ഇപ്പോൾ ഞാൻ പരിഹസിക്കപ്പെടുന്നുവെങ്കിൽ അതുകൊണ്ട് യാതൊരു തരക്കേടുമില്ല. എന്തെന്നാൽ പരിഹാസപാത്രമാകാതിരുന്ന ഒരു പ്രവാചകനുമില്ല തന്നെ. ആകയാൽ വാഗ്ദത്തം ചെയ്യപ്പെട്ട മസീഹും പരിഹസിക്കപ്പെടേണ്ടതാവശ്യമാണ്. വിശുദ്ധ ഖുർആൻ ഇതിനെക്കുറിച്ച് പറയുന്നതിങ്ങനെയാണ്:

يٰحَسْرَةً عَلَى الْعِبَادِ ۚ مَا يَأْتِيهِمْ مِّنْ رَّسُولٍ
إِلَّا كَانُوا بِهِ يَسْتَهْزِءُونَ ۝٣١

മനുഷ്യർക്ക് അഹോ കഷ്ടം! അവർ പരിഹസിക്കാത്ത ഒരു പ്രവാചകനും അവരുടെ അടുക്കൽ വരുന്നില്ല

പരിഹാസത്തിനും ആക്ഷേപത്തിനും ലക്ഷീഭവിക്കുമെന്നത് ദൈവീകമായുള്ള അടയാളമാകുന്നു.എന്നാൽ, എല്ലാ ജനങ്ങളും കാൺകെ മലക്കുകൾ സമേതം ആകാശത്തിൽനിന്നു ഇറങ്ങി വരുന്ന ഒരാളെ ആരെങ്കിലും പരിഹസിക്കാൻ മുതിരുമോ? ഇല്ല, ഒരിക്കലുമില്ല. ആകയാൽ വാഗ്ദത്തം ചെയ്യപ്പെട്ട മസീഹ് ആകാശത്തിൽ നിന്ന് ആരും ഒരിക്കലും ഇറങ്ങി വരികയില്ലെന്നു നിങ്ങൾ ഓർമ്മ വെച്ചുകൊൾവിൻ! ഇന്നു ജീവിച്ചിരിക്കുന്ന എന്റെ വിരോധികളെല്ലാവരും,തങ്ങളിൽ ആരും ഈസബ്നുമർയം ആകാശത്തിൽ നിന്നു ഇറങ്ങുന്നതു കാണാതെ തന്നെ മരിച്ചൊടുങ്ങും. പിന്നെ ശേഷിക്കുന്ന അവരുടെ സന്തതികളും ഇബ്നുമർയം ആകാശത്തു നിന്നു ഇറങ്ങുന്നത് കാണാതെ തന്നെ മരണമടയും. പിന്നെ ആ സന്തതികളുടെ സന്തതികളും മരിച്ചുതീരും; എന്നാൽ അവരും മറിയമിന്റെ പുത്രൻ ആകാശത്തുനിന്ന് ഇറങ്ങുന്നതു കാണുകയില്ല. അപ്പോൾ ഈ വിശ്വാസവും പ്രതീക്ഷയും വെച്ചു കൊള്ളുന്നവരുടെ ഹൃദയത്തിൽ പരിഭ്രമം ജനിക്കും. കാരണം, അന്നു കുരിശിന്റെ മേധാവിത്വകാലം കഴിഞ്ഞുപോകയും ലോകം ഒരു നവീനഘട്ടത്തിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ടായിരിക്കും. എന്നാലും മറിയമിന്റെ പുത്രൻ ഈസാ(അ) അതുവരെയും ആകാശത്തു നിന്ന് ഇറങ്ങിയിരിക്കില്ല. തദവസരത്തിൽ ചിന്താശീലർ ഇത്തരം വിശ്വാസത്തെ പാടെ വെറുത്തു തുടങ്ങും. ഇങ്ങനെ ഇന്നു മുതൽ മൂന്നു

നൂറ്റാണ്ട് പൂർണമാകുന്നതിന്ന് മുമ്പായി, ഈസായെ കാത്തിരിക്കു ന്നവർ മുസ്‌ലിമാകട്ടെ ക്രിസ്ത്യാനികളാവട്ടെ എല്ലാവരും അദ്ദേഹ ത്തിന്റെ വരവിനെക്കുറിച്ച് നിരാശപ്പെടുകയും തീരെ മനം മടുത്തു ഈ മിഥ്യാവിശ്വാസത്തെ പരിത്യജിക്കുകയും ചെയ്യും. പിന്നെ ലോ കത്ത് ഒരേ മതവും ഒരേ നേതാവും ഒരേ നേതാവും മാത്രമായി രിക്കും. ഞാൻ ഒരു ബീജാവാപം ചെയ്യുന്നതിനായിട്ടു വന്നിരി ക്കുന്നു. അതിനി വളർന്ന് വരുകയും യഥാകാലം പൂക്കുകയും കായ്ക്കുകയും ചെയ്യും. ഇതിനെ തടയുക ആരാലും സാദ്ധ്യമല്ല: (തദ്കിറത്തുശ്ശഹാദത്തയ്ൻ–പേജ്:64,65).

●

# VAGDATHA LOKODHARAKAN

This treatise deals with tribulations and oppressions which the great souls among the followers of the Holy Prophet Mohammad (peace and blessings be upon him) had to undergo. Thereby this booklet throws light on the truth of Imam Mahdi. The author of the work is Marhoom N.Hamid Sahib.